ജൂലൈ 2025 | വാല്യം 17 | ലക്കം 7

# നിർമ്മലമാതാ വോയ്സ്

ഇടവക ബുള്ളറ്റിൻ




നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2832581
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)

(For Private Circulation only)

## സ്നേഹ സ്മരണയ്ക്ക്  08.07.2025

**3-ാം ചരമവാർഷികം**



**വർഗീസ് വർക്കി**

**തെക്കുംപുറത്ത്**

## സ്നേഹ സ്മരണയ്ക്ക്  29.7.2025

**3-ാം ചരമവാർഷികം**



**കത്രീന ജോസഫ്**

**പുത്തൻപുരയ്ക്കൽ**

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org

nirmalamathachurch@gmail.com





ജൂലൈ 2025 വാല്യം – 17, ലക്കം – 7



## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762

**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

*ചീഫ് എഡിറ്റർ*

**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 0485 2962595

email: jamesvadakkel@gmail.com

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*

**എൻ. ജോയി വടക്കേക്കര** Ph: 9495125346

*സബ് എഡിറ്റേഴ്സ്*

**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202

**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744

**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106

**ജോസഫ് പീച്ചാട്ട്** Ph: 9447329181

**ജോർജ്ജ് മെതിപ്പാറ** Ph: 9388497918

**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513

**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **എബിൻ നെടുങ്ങാലിൽ** Ph: 9947665997. 6) **പി. ജെ. തോമസ് പൂനാട്ട്** Ph: 9846468106 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **വി. വി. ജോസ് വെളിയപ്പിള്ളിൽ** Ph: 9947404670.



നിർമ്മലാംബികേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ

*പേജുകളിലൂടെ...*


**3** വികാരിയച്ചന്റെ സന്ദേശം

**5** പ്രിയപ്പെട്ടവരും ആദ്ധ്യാത്മീക സ്നേഹവും

**9** വിശുദ്ധരുടെ പാതയിലൂടെ

**12** ബൈബിൾ ക്വിസ്

**14** വാർഡ് വാർത്തകൾ

**17** ദൈവാലയ വായനകൾ

**19** വാർഡ് പ്രാർത്ഥന ഭവനങ്ങൾ


**കവർ പേജ്:**

## ബഥാനിയായിലെ വി. മർത്താ

### ദുക്റാനത്തിരുനാൾ
### വി. കുർബ്ബാന സമയം

**03.07.2025** **6.00 AM**
**8.00 AM**

## വികാരിയച്ചന്റെ സന്ദേശം

# ജൂലൈ 3 ദുക്റാന തിരുനാൾ

## ഉത്തമവിശ്വാസിയായ മാർത്തോമ്മാശ്ലീഹ



വി.തോമാശ്ലീഹായുടെ നാമധേയത്തിലുള്ള സഭയിലെ (ST. THOMAS CHRISTIANS) അംഗങ്ങളാണല്ലോ നാമെല്ലാവരും. നമ്മെ വിശ്വാസത്തിൽ ജനിപ്പിച്ച പിതാവായി ശ്ലീഹായെ നാം അംഗീകരിക്കുന്നു. ജൂലൈ 3 നമ്മുടെ പിതാവിന്റെ ഭുക്റാന തിരുനാളാണ്. ഓർമ്മ ത്തിരുനാൾ അഥവാ ശ്രാദ്ധത്തിരുനാൾ. ഈ അവസ രത്തിൽ നമ്മുടെ പിതാവിന് യേശുക്രിസ്തുവിലുണ്ടായിരുന്ന വിശ്വാസ ത്തിന്റെ ആഴത്തെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമാണ്.

തൊട്ടു വിശ്വാസിയെന്നും സംശയിക്കുന്ന തോമായെന്നും നാം ചിലരെങ്കിലും തോമാശ്ലീഹായെ ആക്ഷേപിക്കാറുണ്ട്. എന്നാൽ വി. യോഹന്നാന്റെ സുവിശേഷം ആഴമായി പഠിച്ചാൽ ബോധ്യമാകും തോമാശ്ലീഹയാണ് യേശുവിന്റെ സമകാലികരായ വിശ്വാസികളുടെയെല്ലാം ഉത്തമമാതൃകയെന്ന്.

തോമാശ്ലീഹായുടെ വ്യക്തിത്വത്തെ അനാവരണം ചെയ്യുന്ന മൂന്നു സംഭവങ്ങളാണല്ലോ വി.യോഹന്നാൻ നൽകുന്നത്. അവയിൽ പ്രഥമ സംഭവം 11-ാം അദ്ധ്യായത്തിലാണ്. ലാസറിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും പശ്ചാത്തലത്തിൽ 'യേശുവാകുന്നു പുനരുത്ഥാനവും ജീവനും എന്ന്' (11:25) പഠിപ്പിക്കുകയാണ് സുവിശേഷകൻ. യേശുവാണ് പുനരുത്ഥാനവും ജീവനുമെങ്കിൽ ഒരു ശിഷ്യന് യേശുവിനെ എത്രത്തോളം അനുഗമിക്കാം? ജീവൻ പണയം വച്ചും അനുഗമിക്കാം. കാരണം യേശുവിനെ പിൻതുടരുന്ന ശ്രമത്തിൽ മരിച്ചാലും പുനരുത്ഥാനവും ജീവനും ഉറപ്പാണ്. ഈ ഉൾക്കാഴ്ചയുണ്ടായിരുന്നതുകൊണ്ടാണ് ബഥാനിയായിലേക്കു പോകാൻ തുനിഞ്ഞ ഗുരുവിനെ യഹൂദരോടുള്ള ഭയം നിമിത്തം മറ്റു ശിഷ്യന്മാർ തടയുമ്പോഴും "നമുക്കും അവനോടുകൂടി പോയി മരിക്കാം" (11:16) എന്ന് പറഞ്ഞ് അവരെ ധൈര്യപ്പെടുത്താൻ തോമായെ പ്രേരിപ്പിക്കുന്നത്. യേശുവിന്റെ ദൈവികതയെക്കുറിച്ചും വിശ്വാസികൾക്ക് യേശുവിലുള്ള അമർത്യതയെക്കുറിച്ചും ബോധ്യമുള്ള ഒരു ഉത്തമ വിശ്വാസിയുടെ ചിത്രമാണ് ഈ സംഭവം നമുക്ക് നൽകുക.

തോമാശ്ലീഹായുടെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന രണ്ടാമത്തെ സംഭവം യോഹ 14-ാം അദ്ധ്യായത്തിലാണ്. യേശുവാണ് പിതാവിങ്കലേക്കുള്ള 'ഏക വഴി' എന്ന് സുവിശേഷകൻ പഠിപ്പിക്കു ന്നതാണ് പശ്ചാത്തലം. അക്കാര്യം വളച്ചുകെട്ടില്ലാതെ സകലർക്കും മനസ്സിലാകുന്ന ഭാഷയിൽ യേശുവിനെക്കൊണ്ട് പറയിപ്പിക്കാൻ തോമാശ്ലീഹായുടെ ചോദ്യം കാരണമാകുന്നു. ചോദ്യമിതാണ് 'കർത്താവേ നീ എവിടേക്ക് പോകന്നുവെന്ന് ഞങ്ങൾക്കറിഞ്ഞു കൂടാ' പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും ? (യോഹ 14:5). ഉടനെ വരുന്ന യേശുവിന്റെ

പ്രത്യുത്തരം 'ഞാനാകുന്നു സത്യവും സജീവവുമായ വഴി' (14:6). യേശുവിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്കു എത്തുന്നില്ല. യേശുവിനെ കാണുന്നവൻ പിതാവിനെയും കാണുന്നു (14:9) യേശുവിന്റെ പ്രവൃത്തികൾ പിതാവിന്റെ പ്രവൃത്തികൾ തന്നെ (14:11). പിതാവിലേക്കു നയിക്കുന്ന സത്യവും സജീവവുമായ മാർഗ്ഗം യേശുവാണെന്ന ബോധ്യം തോമാശ്ലീഹാക്ക് ഉണ്ടായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം നമ്മെ മാർഗ്ഗവാസികൾ (മാർഗ്ഗത്തിൽ ചരിക്കുന്നവർ) ആക്കിയത്. മാർഗ്ഗത്തിലൂടെ ചരിക്കുന്നവർ എന്നാണ് ആദിമ ക്രൈസ്തവർ അറിയപ്പെട്ടിരുന്നത്. (നട 9:2, 24:16) നാമും അപ്രകാരം അറിയപ്പെട്ടിരുന്നു. തോമാശ്ലീഹ നമ്മെ പഠിപ്പിച്ച മാർഗ്ഗം യേശുവാകുന്ന മാർഗ്ഗം തന്നെ.

തോമാശ്ലീഹായുടെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന മൂന്നാമത്തെ സംഭവം യോഹ 20-ാം അദ്ധ്യായത്തിലാണ്. യേശുവാകുന്നു കർത്താവും ദൈവവും എന്ന് പ്രഘോഷിക്കുന്നതും (20:28) അപ്രകാരം യേശുവിൽ വിശ്വസിക്കുകയും യേശുവിനെ പ്രഘോഷിക്കുകയും ചെയ്യുന്നവർക്കേ നിത്യജീവൻ ലഭിക്കൂ (20:31) എന്ന് വ്യക്തമാക്കുന്നതുമായ അദ്ധ്യായ മാണിത്. തന്റെ അനുവാചകരെക്കൊണ്ട് അപ്രകാരം പ്രഘോഷിപ്പിക്കാൻ സാധിച്ചാൽ തന്റെ സുവിശേഷ രചനയുടെ ലക്ഷ്യവും പ്രഘോഷിക്കു ന്നവരുടെ രക്ഷയും സംപ്രാപ്യമായതായി വി. യോഹന്നാൻ സാക്ഷ്യ പ്പെടുത്തുന്നു (20:31). ഇത്രയും സുപ്രധാനമായ ഒരു പ്രഘോഷണത്തിന്റെ നിമിത്തവും പ്രഘോഷകനുമായി മാറുന്നത് തോമാശ്ലീഹയാണ് എന്നത് നമുക്ക് അഭിമാനത്തിനും ആഹ്ളാദത്തിനും വക നൽകുന്നു. ഉത്ഥാനം ചെയ്ത ക്രിസ്തുവിനെ തനിക്കും കാണണം എന്ന നിർബന്ധമാണ് ഈ പ്രഘോഷണത്തിന് നിമിത്തമായി മാറുന്നത്. യേശുവിന്റെ പ്രത്യക്ഷം, തന്റെ വിശ്വാസം ഉറക്കെ പ്രഘോഷിക്കാനുള്ള അവസരം ശ്ലീഹാക്കു നൽകുന്നു. എന്റെ കർത്താവെ എന്റെ ദൈവമേ (20:28) ഭാവിയിൽ തന്നെ നേരിൽ കാണാൻ ഇടയില്ലാത്തവരും ഇപ്രകാരമുള്ള വിശ്വാസത്തിലും പ്രഘോഷണത്തിലും തജ്ജന്യമായ ജീവനിലും സൗഭാഗ്യത്തിലും പങ്കാളികളാകണം എന്ന ആഹ്വാനത്തോടെ യേശു നിഷ്ക്രമിക്കുന്നു (20:29)

നമുക്കു പ്രാർത്ഥിക്കാം. ഉത്തമവിശ്വാസത്തിന്റെ പ്രഘോഷകനും സാക്ഷിയുമായ ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായെ അങ്ങേ മക്കളായ ഞങ്ങളെയും ഉത്തമ വിശ്വാസത്തിന്റെ പ്രഘോഷകരും സാക്ഷികളുമാക്കണമേ. അങ്ങയേപ്പോലെ യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറഞ്ഞ് ജീവൻ പരിത്യജിച്ചും യേശുവാകുന്ന മാർഗ്ഗത്തിലൂടെ സഞ്ചരിച്ച് ദൈവസന്നിധിയിൽ എത്തിച്ചേരാനും നിത്യജീവൻ പ്രാപിക്കാനും ഞങ്ങളെ സഹായിക്കണമേ. എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ.

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരി അച്ചൻ
ഫാ. ജോർജ്ജ് വടക്കേൽ

# പ്രിയപ്പെട്ടവരും ആദ്ധ്യാത്മീക സ്നേഹവും

ആദ്ധ്യാത്മീകമായ സ്നേഹം എത്രമാത്രം വികാരനിർഭരമാണെന്നറിയുന്നത് വിസ്മയകരം തന്നെ! അതു പ്രാപിക്കുന്നതിന് എന്തുമാത്രം കണ്ണീരും തപഃക്രിയകളും പ്രാർത്ഥനകളും ആവശ്യമായിരിക്കുന്നു. അല്പംപോലും സ്വാർത്ഥ താല്പര്യം കലരാത്ത സ്നേഹം ഇതാണ്. സ്നേഹിക്കുന്ന ആത്മാവ് സ്വർഗീയാനുഗ്രഹങ്ങളാൽ സമ്പന്നമായി കാണണമെന്നു മാത്രമാണ് അങ്ങനെ സ്നേഹിക്കുന്നയാളുടെ അഭീഷ്ടവും ആവേശവുമെല്ലാം. ഇതാണ് യഥാർത്ഥമായ സ്നേഹം.

നമുക്ക് തമ്മിൽ തമ്മിൽ അഥവാ ബന്ധുമിത്രാദികളോട് സാധാരണമായി ഉള്ള സ്നേഹബന്ധം മറ്റൊരു തരത്തിലാണ്; നാം സ്നേഹിക്കുന്നവർ മരിക്കരുതെന്നാണ് നാം ആഗ്രഹിക്കുക. അവരുടെ തല വേദനിച്ചാൽ നമ്മുടെ പ്രാണനും വേദനിക്കുന്നെന്നു തോന്നിപ്പോകും.

### വിശുദ്ധമായ സഹോദരസ്നേഹം

ആധ്യാത്മികമായ സ്നേഹം ഇങ്ങനെയല്ല. സ്വാഭാവിക ബലഹീനത നിമിത്തം മേൽപറഞ്ഞതുപോലെ നമുക്ക് പെട്ടെന്ന് തോന്നിയേക്കാമെങ്കിലും, ക്ലേശങ്ങൾ നമ്മുടെ പ്രിയപ്പെട്ടവർക്കു പ്രയോജനകരമല്ലേ? അവ നിമിത്തം അവരുടെ സുകൃതസമ്പത്ത് വർധിക്കുന്നുണ്ടോ? അവർ എപ്രകാരം അവ സഹിക്കുന്നു? എന്നൊക്കെ നാം പര്യാലോചിച്ചു തുടങ്ങും; അതോടൊപ്പം അവർക്കു ക്ഷമയുണ്ടാകുന്നതിനും കഷ്ടതകൾ അവർക്ക് പുണ്യയോഗ്യതയായി പരിണമിക്കുന്നതിനും വേണ്ടി നാം പ്രാർത്ഥിക്കുകയും ചെയ്യും. അത്തരം ഫലങ്ങൾ കാണുന്നുണ്ടെങ്കിൽ നമുക്കു ദുഃഖമൊന്നും തോന്നില്ല. പ്രത്യുത സന്തോഷിക്കുകയും ആശ്വസിക്കുകയും ചെയ്യും. ക്ലേശങ്ങളിൽനിന്നു ലഭിക്കുന്ന യോഗ്യതകളും പുണ്യങ്ങളുമെല്ലാം പ്രിയപ്പെട്ടവരുടെ നിക്ഷേപത്തിലേക്ക് വരവു വയ്ക്കാൻ കഴിയുമായിരുന്നെങ്കിൽ, അവർ സഹിക്കുന്നതു കാണാതിരിക്കാൻ അവരുടെ കഷ്ടതകൾ നാം തന്നെ സസന്തോഷം സഹിച്ചേനേ. എങ്കിലും അവ നിമിത്തം നാം കലങ്ങുകയോ അസ്വസ്ഥരാകുകയോ ചെയ്യില്ല.

ഞാൻ ഒന്നുകൂടി ആവർത്തിച്ചു പറയുന്നു. ഈ സ്നേഹം നല്ല സ്നേഹിതനായ ഈശോയ്ക്ക് നമ്മോടുണ്ടായിരുന്ന സ്നേഹത്തിനു സദൃശ

വും അതിന്റെ അനുകരണവുമത്രേ. തന്നിമിത്തം ഇതു നമുക്ക് അത്യന്തം ഗുണകരമാണ്; എന്തുകൊണ്ടെന്നാൽ മറ്റുള്ളവർ ക്ലേശങ്ങൾ സഹിക്കാതെ അവയുടെ ഫലം പ്രാപിക്കുവാൻ പര്യാപ്തമായവിധം നാം തന്നെ സർവവും സഹിക്കാൻ ഈ സ്നേഹം നമ്മെ പ്രേരിപ്പിക്കുന്നു. ഇപ്രകാരം സ്നേഹിക്കുന്നവരുടെ മൈത്രി സമ്പാദിക്കുന്നവർക്ക് വളരെയധികം പ്രയോജനം സിദ്ധിക്കുന്നു. പക്ഷേ അനന്തര ഫലം രണ്ടിലൊന്ന് തീർച്ചയായിരിക്കും. ഒന്നുകിൽ മിത്രങ്ങൾ ഇവരുടെ സവിശേഷസൗഹൃദം വിട്ടുപേക്ഷിക്കും; അല്ലെങ്കിൽ അവരും തങ്ങളുടെ മാർഗം അവലംബിച്ചു തങ്ങളോടൊന്നിച്ച് ഒരേ ലക്ഷ്യത്തിലെത്താനുള്ള അനുഗ്രഹം വിശുദ്ധ മോനിക്ക വിശുദ്ധ അഗസ്റ്റിനുവേണ്ടി പ്രാപിച്ചതുപോലെ ഇവർ കർത്താവിൽ നിന്നു പ്രാപിക്കും.

മിത്രങ്ങളുടെ നേർക്ക് രണ്ടുതരത്തിലുള്ള ഭാവം കാണിക്കാൻ ഇവർ തുനിയുകയില്ല. സുഹൃത്തുക്കൾ ദൈവത്തെ സ്നേഹിക്കുന്നുണ്ടോ ഇല്ലയോ എന്നതിൽ അവർ ബദ്ധശ്രദ്ധരായിരിക്കും. അവരുടെ ചെയ്തികൾ യാതൊന്നും ഇവരിൽനിന്നും മറഞ്ഞിരിക്കയില്ല. ഏറ്റവും നിസാരമായ ന്യൂനതപോലും ഇവരുടെ ദൃഷ്ടിയിൽപെടും. അവർ വഴിതെറ്റി സഞ്ചരിക്കുന്നെന്നും അരുതാത്തത് വല്ലതും ചെയ്യുന്നെന്നും കണ്ടാൽ ഇവർ അവരെ ഗുണദോഷിക്കും; അവർ മനസുതിരിയുന്നില്ലെങ്കിൽ പിന്നെ അവർക്കുള്ള പിന്തുണ പിൻവലിക്കും, കുറ്റങ്ങൾ ചൂണ്ടിക്കാണിക്കാൻ മടിക്കുകയുമില്ല. തൽഫലമായി ഒന്നുകിൽ അവർ നന്നാവും. അല്ലെങ്കിൽ നമ്മോടുള്ള സൗഹൃദം ഉപേക്ഷിക്കും.

## പുണ്യപ്പെട്ട സൗഹൃദങ്ങളുടെ ഗുണങ്ങൾ

ഇത്തരക്കാരാൽ സ്നേഹിക്കപ്പെടുന്നവർ ഭാഗ്യമുള്ളവർ! ഇവരെ അവർ അറിഞ്ഞ ദിവസവും ഭാഗ്യപ്പെട്ടത്! ഇങ്ങനെയുള്ള ആരെയെങ്കിലും നിങ്ങൾ കണ്ടുമുട്ടുന്നെങ്കിൽ, അങ്ങനെയുള്ളവരെ എത്രവേണമെങ്കിലും സ്നേഹിച്ചുകൊള്ളുക.

ഇത്തരക്കാർ കുറച്ചുപേർ മാത്രമേ ഉണ്ടാകൂ; എങ്കിലും പൂർണത പ്രാപിച്ച ആരെങ്കിലും ഉണ്ടെങ്കിൽ അവർ അറിയപ്പെടാതിരിക്കാൻ കർത്താവ് ഇട വരുത്തുകയില്ല. എന്നാൽ നിങ്ങൾ പറയുമായിരിക്കും: ഇതത്ര ആവശ്യമുള്ള കാര്യമല്ല. ദൈവത്തെ പ്രാപിക്കുന്നെങ്കിൽ അതു മതിയെന്ന്. ദൈവത്തെ പ്രാപിക്കുന്നതിനുള്ള നല്ല വഴിയാണ് അവിടുത്തെ മിത്രങ്ങളുമായി ഇടപെടുക എന്നത്.അതിൽനിന്ന് എപ്പോഴും സദ്ഫലങ്ങൾ ഉണ്ടാകും.

ഈ തരത്തിലുള്ള സ്നേഹമാണ് നമുക്കുണ്ടായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നത്. ആരംഭത്തിൽ അത് അത്ര പരിപൂർണമായിരിക്കയി ല്ലെങ്കിലും കർത്താവ് ക്രമേണ അതിനെ പൂർത്തിയാക്കിക്കൊള്ളും. അത് ആർജിക്കാനുള്ള മാർഗങ്ങൾ മുതൽ നമുക്കാരംഭിക്കാം. സ്നേഹം ആ ദ്യം വികാര പ്രേരിതമായിരിക്കുമെങ്കിലും സാമാന്യമായി പറഞ്ഞാൽ, അ തത്ര ഹാനികരമായിരിക്കയില്ല. സ്നേഹത്തിൽ ആർദ്രത കലരുന്നതും അതിനെ പോഷിപ്പിക്കുന്നതുതന്നെയും സഹോദരങ്ങളുടെ കഷ്ടതക ളെയും രോഗങ്ങളെയുംകുറിച്ച് അനുകമ്പ തോന്നുന്നതും ചിലപ്പോൾ അ ഭിലഷണീയവും ആവശ്യവുമത്രേ.

## മറ്റുള്ളവരുടെ കുറവുകൾ സഹിക്കാൻ എളുപ്പവഴി

ചില അവസരങ്ങളിൽ ഉഗ്രമായ ദുരിതങ്ങൾ കാരണമാക്കുന്നത്രയും പീഡകൾ, മറ്റവസരങ്ങളിൽ നിസാരമായ അസുഖങ്ങളിൽനിന്ന് അനുഭ വപ്പെട്ടെന്നു വരാം. ലഘുവായ കാരണങ്ങൾ നിമിത്തം കഠിനമായ ഞെ രുക്കനുഭവിക്കുക ചിലയാളുകളുടെ പ്രകൃതവുമായിരിക്കും. നിങ്ങളുടെ സ്വഭാവം നേരെ മറിച്ചായിരുന്നാലും മറ്റുള്ളവരോടു സഹതപിക്കുന്ന കാ ര്യത്തിൽ നിങ്ങൾ വിമുഖരായിരിക്കരുത്. ഒരുപക്ഷേ ഈവക ക്ലേശങ്ങ ളിൽനിന്നു നമ്മുടെ കർത്താവ് നിങ്ങളെ ഒഴിവാക്കിയിരിക്കുകയും യഥാർ ത്ഥത്തിൽ ഗുരുതരവും എന്നാൽ മറ്റുള്ളവർക്ക് നിസാരമെന്നു തോന്നു ന്നവയും അവിടുന്നു നമുക്ക് തരാനിരിക്കുകയായിരിക്കും. തന്നിമിത്തം അത്തരം സന്ദർഭങ്ങളിൽ നമ്മുടെ അളവുകൊണ്ടു നാം മറ്റുള്ളവരെ വി ധിക്കരുത്; നമ്മുടെ ശ്രമം കൂടാതെ കർത്താവ് നമുക്ക് ആത്മീയവീര്യം ത ന്നിട്ടുള്ള സന്ദർഭങ്ങളല്ല, പ്രത്യുത നാം ദുർബലരായിരുന്ന അവസരങ്ങ ളാണ് നമ്മുടെ ഓർമ്മയിൽ വരേണ്ടത്.

സഹനത്തെ അഭിലഷിക്കുകയും തൻനിമിത്തം സകല വിഷമങ്ങളും നിസാരമെന്നു ഗണിക്കുകയും ചെയ്യുന്നവരെന്നു വിശേഷിപ്പിച്ചിട്ടുള്ളവർ ഇത് പ്രത്യേകം ഓർക്കണം. തങ്ങൾ ദുർബലരായിരന്നപ്പോഴത്തെ സ്ഥി തി എന്തായിരുന്നുവെന്നും ഇപ്പോൾ ആ നില മാറിയിട്ടുണ്ടെങ്കിൽ അത് തങ്ങളുടെ ഗുണങ്ങൾകൊണ്ടല്ലെന്നും ഓർമിക്കുവാൻ ഇക്കൂട്ടർ ഉറ്റു ശ്രമി ക്കേണ്ടതാണ്. അല്ലാത്തപക്ഷം പിശാച്, സമീപസ്ഥരുടെ പേരിൽ നമു ക്കുണ്ടായിരിക്കേണ്ട ഉപവിയെ ഇപ്രകാരം ക്രമേണ തണുപ്പിക്കാനും അ ങ്ങനെ യഥാർത്ഥത്തിൽ നമ്മുടെ പക്ഷത്ത് കൃത്യവിലോപമായിരിക്കുന്ന ത് പുണ്യപൂർണതയാണെന്നു നമ്മെ തെറ്റിദ്ധരിപ്പിക്കാനും ഇടയുണ്ട്.

## തിന്മയുടെ തന്ത്രങ്ങൾ തിരിച്ചറിയാം

എല്ലാറ്റിലും ശ്രദ്ധയും കരുതലും ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ പിശാച് ഒരിക്കലും ഉറങ്ങുന്നില്ല. പുണ്യവഴിയിൽ കൂടുതൽ പുരോഗമിച്ചവരാണ് കൂടുതൽ സൂക്ഷിക്കേണ്ടിയിരിക്കുന്നത്. കാരണം അവരുടെ നേർക്ക് അവൻ ഉന്നയിക്കുന്ന പ്രലോഭനങ്ങൾ കൂടുതൽ കഠിനമാണ്. ഞാൻ നിർദേശിക്കുന്നതുപോലെ ശ്രദ്ധയില്ലാത്തവർ അപകടം ഗുരുതരാവസ്ഥയിൽ എത്തുന്നതിനുമുമ്പ് വിവരം ഗ്രഹിച്ചില്ലെന്നും വരും. ചുരുക്കത്തിൽ നാം സദാ ജാഗ്രതയോടെ പ്രാർത്ഥിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പിശാചിന്റെ ഗൂഢതന്ത്രങ്ങളെ കണ്ടുപിടിക്കുന്നതിനും അവന്റെ സാന്നിധ്യത്തിന്റെ ലക്ഷണങ്ങൾ നിർണയിക്കുന്നതിനും പ്രാർത്ഥനയേക്കാൾ ഫലപ്രദമായ ഉപാധി മറ്റൊന്നില്ല.

പ്രത്യക്ഷമായ ഏതെങ്കിലും കുറ്റം ആരിലെങ്കിലും കണ്ടാൽ അതേപ്പറ്റി അത്യന്തം പരിതപിക്കുക. ഒരുവനെക്കുറിച്ച് വിസ്മയിക്കാതെ, അതിന്റെ ന്യൂനത സഹിക്കാൻ അഭ്യസിക്കുന്നത് ഉറപ്പായ സ്നേഹത്തിന്റെ തെളിവാണ്. നിങ്ങളുടെ ഇഷ്ടത്തിന് എല്ലാം യോജിക്കുന്നില്ലെങ്കിലും അവരുടെ നേർക്കുള്ള ആദരവുനിമിത്തം ഒത്തൊരുമിച്ചു പോവാൻ പരിശ്രമിക്കുന്നെങ്കിൽ എല്ലാം പരിപൂർണമായ സ്നേഹമായിരിക്കും. സഹോദരങ്ങളിൽ അനുകമ്പയും സഹതാപവും അർഹിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്നു ശരിയായി ഗ്രഹിക്കുകയും വേണം.

നിങ്ങളുടെ കുറവുകളും കുറ്റങ്ങളുംമൂലം മറ്റുള്ളവർക്കും സഹിക്കേണ്ടതായിട്ടുണ്ട് എന്നത് മറക്കാതിരിക്കാം. നിങ്ങളുടെ ശ്രദ്ധയിൽപെടാത്തവയും അക്കൂട്ടത്തിൽ ധാരാളമുണ്ടെന്നു നിങ്ങൾ ഓർക്കണം. കുറ്റക്കാരായ സഹോദരങ്ങൾക്കുവേണ്ടി ദൈവത്തോടു നിരന്തരം പ്രാർത്ഥിക്കുകയും അവരിൽ കാണുന്ന ഓരോ കുറ്റത്തിനുമെതിരായ പുണ്യം അഭ്യസിക്കുകയും ചെയ്യുക. തിരുത്തലുകൊണ്ടു പരിഹരിക്കാൻ സാധിക്കാത്ത മറ്റുള്ളവരുടെ കുറവുകൾ സ്വന്തം മാതൃകയിലൂടെ മാറ്റിയെടുക്കാൻ അക്ഷീണം പ്രയത്നിക്കണം. ഒരു പുണ്യം ശ്രദ്ധേയമായ രീതിയിൽ ഉള്ളവർ അഭ്യസിക്കുന്ന കാഴ്ച അതില്ലാത്തവരെ ആകർഷിക്കാതിരിക്കയില്ല. അത്യന്തം ഫലപ്രദമായ ഈ ഉപദേശം നിങ്ങൾ മറക്കരുത്.

കടപ്പാട് (ശാലോം ടൈംസ്)

*വിശുദ്ധരുടെ പാതയിലൂടെ*

# ബഥാനിയായിലെ വിശുദ്ധ മർത്ത

ബഥാനിയായിലെ വിശുദ്ധ മർത്താ പ്രായോഗിക പ്രേഷിത പ്രവർത്തനത്തിന്റെ പ്രതീകമാണ്. ജറുസലെമിൽ നിന്ന് മൂന്നു കിലോമീറ്റർ മാത്രം അകലെയുള്ള ബഥാനിയായിൽ താമസിച്ചിരുന്ന മർത്തായെയും മറിയത്തെയും സഹോദരൻ ലാസറിനെയും യേശു വളരെയധികം സ്നേഹിച്ചിരുന്നു. (യോഹ. 11:5). പരസ്യജീവിതത്തിന്റെ ആരംഭത്തിൽ സ്വന്തം വീടുവിട്ടിറങ്ങിയ യേശുവിന് തലചായ്ക്കാൻ ഇടമില്ലാതെ അലഞ്ഞു നടന്നപ്പോൾ പലപ്പോഴും അല്പം വിശ്രമത്തിനു വേണ്ടി അഭയം നൽകിയത് മർത്തായുടെ ഭവനമായിരുന്നു. വിലയേറിയ സുഗന്ധദ്രവ്യം വരെ വീട്ടിൽ സൂക്ഷിക്കാൻ കഴിഞ്ഞിരുന്ന മറിയവും മർത്തായും ബഥാനിയായിലെ പ്രമുഖരായിരുന്നുവെന്ന് കരുതാവുന്നതാണ്. മർത്താ കുഷ്ഠരോഗിയായ ശിമയോന്റെ സഹോദരിയോ ഭാര്യയോ ആയിരുന്നുവെന്ന അഭിപ്രായം പഴയ ചില എഴുത്തുകാർക്കുണ്ടായിരുന്നു. ശിമയോന്റെ മരണശേഷം മർത്തായ്ക്ക് വീട് അവകാശമായിക്കിട്ടി. അവിടെ സഹോദരിയും ലാസറും താമസിച്ചിരുന്നു

വി. ലൂക്കായുടെ സുവിശേഷത്തിൽ മർത്താ യേശുവിന് ആദിഥ്യം കൊടുത്ത സംഭവം വിവരിക്കുന്നുണ്ട്. "അവർ പോകുന്ന വഴി അവൻ ഒരു ഗ്രാമത്തിൽ പ്രവേശിച്ചു. മർത്താ എന്നു പേരുള്ള ഒരുവൾ അവനെ സ്വഭവനത്തിൽ സ്വീകരിച്ചു. അവൾക്ക് മറിയം എന്നു പേരായ ഒരു സഹോദരിയുമുണ്ടായിരുന്നു. അവൾ കർത്താവിന്റെ വചനങ്ങൾ കേട്ടുകൊണ്ട് അവന്റെ പാദത്തിങ്കൽ ഇരുന്നു. മർത്തായാകട്ടെ പലവിധ ശുശ്രൂഷകളിൽ മുഴുകി വ്യഗ്ര ചിത്തയായിരുന്നു. അവൾ അവന്റെ അടുത്തുവന്ന് പറഞ്ഞു: കർത്താവേ, ശുശ്രൂഷയ്ക്കായി എന്റെ സഹോദരി എന്നെ തനിയെ വിട്ടിരിക്കുന്നു. നീ ശ്രദ്ധിക്കുന്നില്ലേ. എന്നെ സഹായിക്കാൻ അവളോടു പറയുക. കർത്താവ് അവളോടു പറഞ്ഞു: മർത്താ, മർത്താ, നീ പലതിനെക്കുറിച്ചും ഉൽകണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു. ഒന്നുമാത്രമേ ആവശ്യമുള്ളൂ. മറിയം ആ നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല" (ലൂക്കാ 10:38-42). കർത്താവിന്റെ പാദത്തിങ്കൽ ഇരുന്ന് വചനങ്ങൾ കേൾക്കുന്ന മറിയം അതിഥി ശുശ്രൂഷയിൽ പങ്കുകൊള്ളാത്തതിന്റെ പരിഭവവും അതു ശ്രദ്ധിക്കാത്തതിൽ കർത്താവിനോടുള്ള പരാതിയും കർത്താവിന്റെ അടുക്കൽ ഇരിക്കാൻ പറ്റാത്തതിലുള്ള വിഷമവും സഹോദരിയെ ഉപദേശിക്കാനുള്ള അപേക്ഷയുമെല്ലാം ഇവിടെ മർത്താ വ്യക്തമാക്കുന്നു. ഇതുകേട്ട് യേശു മർത്തായെയാണ് തിരുത്തുന്നത്. ഒത്തിരിയേറെ

കാര്യങ്ങളെക്കുറിച്ച് ഉൽകണ്ഠാകുലപ്പെടേണ്ട ആവശ്യമില്ല. ഏറ്റവും അത്യാവശ്യം ദൈവവചനം ശ്രവിക്കുകയാണ്. അടുക്കളയിൽ ഏപ്രൻ കെട്ടി നിൽക്കുന്ന ഒരു വീട്ടമ്മയുടെ മനോഭാവമായിരുന്നു അപ്പോൾ മർത്തായ്ക്ക്.

സഹോദരൻ ലാസറിന് സുഖമില്ലാതായപ്പോൾ മൂത്ത സഹോദരി എന്ന നിലയിൽ ഉൽക്കണ്ഠയോടെ ഈശോയുടെ അടുത്തേയ്ക്ക് ഒരാളെ പറഞ്ഞയച്ചു. “കർത്താവേ ഇതാ അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു” തന്റെ സഹോദരന്റെ രോഗത്തെക്കുറിച്ച് ആകുലചിത്തയായ മർത്താ യേശുവിന്റെ ഇടപെടലും സാന്നിധ്യവും രോഗശാന്തി നൽകുമെന്ന് വിശ്വസിച്ചിരുന്നു. സന്ദേശം കിട്ടിയപ്പോൾ യേശു പറഞ്ഞു: “ഈ രോഗം മരണത്തിൽ അവസാനിക്കുന്നതല്ല, പ്രത്യുത, ദൈവത്തിന്റെ മഹത്വത്തിനും അതുവഴി ദൈവ പുത്രൻ മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ്” യേശു മർത്തായെയും സഹോദരിയെയും ലാസറിനെയും സ്നേഹിച്ചിരുന്നതായി വി. യോഹന്നാൻ പറയുന്നു. എങ്കിലും രണ്ടുദിവസം കൂടെ കഴിഞ്ഞിട്ടാണ് യേശു അവിടെനിന്ന് പുറപ്പെട്ടത്. യേശു ബഥാനിയായിൽ എത്തിയപ്പോഴേക്കും ലാസർ മരിച്ചുകഴിഞ്ഞു. മൃതദേഹവും കല്ലറയിൽ അടക്കപ്പെട്ടു കഴിഞ്ഞു. ഗ്രാമത്തിൽ എത്തിയപ്പോൾ യേശുവിനെ സ്വീകരിക്കാൻ എത്തുന്നത് തികഞ്ഞ ഉത്തരവാദിത്വത്തോടെ മർത്തായാണ്. മറിയം വീട്ടിൽതന്നെ ഇരുന്നു. ഒരു പരി ഭവത്തോടെയാണ് മർത്താ കർത്താവിനെ സ്വീകരിക്കുന്നത്. “കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദൻ മരിക്കുകയില്ലായിരുന്നു. എന്നാൽ, നീ ചോദി ക്കുന്ന എന്തും ദൈവം നിനക്ക് തുരമെന്ന് എനിക്കറിയാം” അപ്പോഴും അവൾ പ്രതീക്ഷ കൈവിട്ടിരുന്നില്ല. യേശു പറഞ്ഞു: ‘നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും”. അന്ത്യ ദിനത്തിലെ പുനരുത്ഥാനമാണ് അപ്പോൾ മർത്താ കണ്ടത്. ഇവിടെ യേശു ഒരു മഹാ സത്യം മർത്താക്ക് വെളിപ്പെടുത്തുന്നു: “ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല.” ഈ സംഭാഷണം ചെന്നവസാനിക്കുന്നത് മർത്തായുടെ വിശ്വാസപ്രഖ്യാപന ത്തോടെയാണ്. “ഉവ്വ് കർത്താവേ, നീ ലോകത്തിലേക്ക് വരാനിരിക്കുന്ന ക്രിസ്തുവാണെന്ന് ഞാൻ വിശ്വസിക്കുന്നു”

ഉടനെ മറിയവും ഓടിയെത്തി ഈശോയുടെ കാൽക്കൽ വീണു കരഞ്ഞു: “നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു”. പിന്നീട് അവിടെ നടന്നത് ഒരു കൂട്ടക്കരച്ചിലാണ്. അതുകണ്ട് യേശുവും കണ്ണീർ പൊഴിച്ചു. ഉടൻ തന്നെ ലാസറിനെ അടക്കം ചെയ്ത സ്ഥലത്തേയ്ക്കാണ് യേശു പോയത്. എല്ലാവരും യേശുവിനെ അനുഗമിച്ചു. കല്ലറയുടെ അടുക്കൽ എത്തിയപ്പോൾ അതിന്റെ മൂടി മാറ്റാൻ യേശു പറഞ്ഞു. അപ്പോൾ ഉത്തരം

പറഞ്ഞത് മർത്തായാണ്: “കർത്താവേ, ഇതു നാലാം ദിവസമാണ്. ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കണം” ഇവിടെയും മർത്തായുടെ വ്യഗ്രതയാണ് നാം കാണുന്നത്. അവസാനം കല്ലറയുടെ മൂടി മാറ്റപ്പെട്ടു. യേശു കണ്ണുകൾ ഉയർത്തി പിതാവിനോടു പ്രാർത്ഥിച്ചതിനുശേഷം പറഞ്ഞു: “ലാസറെ പുറത്തു വരുക” ഉച്ചത്തിലുള്ള യേശുവിന്റെ വിളികേട്ട് ലാസർ പുറത്തുവന്നു. ലാസറിന്റെ കൈകളുടെയും കാലുകളുടെയും കെട്ടുകൾ അഴിച്ച് അയാളെ സ്വതന്ത്രനാക്കി വിടാൻ യേശു ആവശ്യപ്പെട്ടു. ഈ സംഭവം വളരെ നാടകീയമായി വി. യോഹന്നാൻ ചിത്രീകരിച്ചിരിക്കുന്നു. യേശുവിനെ ഇവിടെ എത്തിച്ചത് മർത്തായുടെ സന്ദേശമാണ്.

പെസഹായ്ക്ക് ആറുദിവസം മുമ്പ് ജറുസലെമിൽ എത്തിയ യേശുവിന് ആതിഥ്യമരുളിയത് മർത്തായുടെ ഭവനമായിരുന്നു. പെസഹാത്തിരുനാളിന് ദൂരെ നിന്ന് വരുന്നവരെ തങ്ങളുടെ ഭവനങ്ങളിൽ അതിഥികളായി സ്വീകരിക്കുന്ന പതിവ് അന്ന് അവിടെ ഉണ്ടായിരുന്നു. അത്താഴ വിരുന്നിൽ ലാസറും ഉണ്ടായിരുന്നു. മറിയം ഒരു കുപ്പി ശുദ്ധമായ നാർദ്ദീൻ സുഗന്ധതൈലമെടുത്ത് യേശുവിന്റെ കാല്പാദങ്ങളിൽ പൂശി തലമുടികൊണ്ടു തുടച്ചു ആ പെസഹാത്തിരുനാളിനു ശേഷം യേശു മടങ്ങിപ്പോയില്ല. കുരിശിൽ തറയ്ക്കപ്പെട്ടു. അരിമത്തിയാക്കാരൻ ജോസഫിന്റെ കല്ലറയിൽ അടക്കപ്പെട്ടു.

യേശുവിന്റെ ഉത്ഥാനവും പന്തക്കുസ്തായും സുവിശേഷ പ്രഘോഷണവും കഴിഞ്ഞ് മർത്തായ്ക്കും കുടുംബത്തിനും എന്തു സംഭവിച്ചുവെന്നും കാര്യമായി ഒന്നും അറിയപ്പെട്ടിട്ടില്ല. പിന്നീടു നടന്ന സംഭവങ്ങളുടെ വേലിയേറ്റത്തിൽ അവർ മുങ്ങിപ്പോയി. പലസ്തീനായിൽ ഹേറോദ് അഗ്രിപ്പായുടെ മതപീഡന കാലത്ത് മർത്താ മറിയം ലാസർ എന്ന മൂന്നുപേരെയും പായോ പങ്കായമോ ഇല്ലാത്ത ഒരു വഞ്ചിയിൽ കയറ്റി ആരോ മെഡിറ്ററേനിയൻ കടലിൽ ഒഴുക്കിവിട്ടു. ദൈവപരിപാലനയുടെ ശക്തിയാൽ മെഡിറ്ററേനിയൻ കടലിന്റെ ഓളങ്ങൾ അവരെ ഫ്രാൻസിന്റെ തീരത്ത് എത്തിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നു. ലാസറിന്റെ ശവകുടീരം മാർസായിലും മർത്തായുടേത് അവിഞ്ഞോണിലും മറിയത്തിന്റേത് സെന്റ് ബോമിലും കാണപ്പെടുന്നു. പുതിയനിയമത്തിൽ പല പ്രാവശ്യം ഉച്ചരിക്കപ്പെടുന്ന ഒരു സ്ത്രീയുടെ പേരാണ് മർത്താ. അത് മനുഷ്യഹൃദയത്തിൽ സേവനപരമായ പ്രേഷിതവേലയുടെ മായാത്ത ചിത്രം കോറിയിട്ടിരിക്കുന്നു.

വിചിന്തനം: മർത്താ പ്രായോഗിക പ്രേഷിത പ്രവർത്തനത്തിന്റെയും മറിയം ധ്യാനാത്മക ജീവിതത്തിന്റെയും പ്രതീകമാണ്. രണ്ടുപേരെയും ഈശോ സ്നേഹിച്ചിരുന്നു. മേരി നല്ലഭാഗം തിരഞ്ഞെടുത്തുവെന്ന് ഈശോ തന്നെ പറഞ്ഞിട്ടുണ്ട്.

# ബൈബിൾ ക്വിസ്സ്




10

**ലോഗോസ് ക്വിസ് 25 സെപ്റ്റംബർ 28, 2025 (രജിസ്ട്രേഷൻ) – ജൂൺ 1, 2025 – ജൂലൈ 31, 2025**

25-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2025 സെപ്റ്റംബർ 28 ന് നടക്കുന്നു. പാഠഭാഗം - ന്യായാധിപന്മാർ 11-21, പ്രഭാഷകൻ 41-50, ലൂക്ക 17-24, എഫേസോസ് 1-6. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## ബൈബിൾ ക്വിസ് 10 ചോദ്യങ്ങൾ

### പ്രഭാഷകൻ 48-50 അദ്ധ്യായങ്ങൾ

1 ചുഴലിക്കാറ്റ് ആരെയാണ് വലയം ചെയ്തത് ?

2. അവന് ഒന്നും ദുസ്സാധ്യമായിരുന്നില്ല. മരിച്ചിട്ടും അവൻ പ്രവചിച്ചു ആര് ?

3. അഗ്നി പോലെ പ്രത്യക്ഷപ്പെട്ട പ്രവാചകനാര്?

4. .......... വാക്കുകൊണ്ട് നീ മരിച്ചവരുടെയിടയിൽ നിന്ന്, പാതാളത്തിൽ നിന്ന് ഒരു ജഡത്തെ ഉയിർപ്പിച്ചു.

5. ..................... പ്രവാചകന്റെ പ്രബോധനമനുസരിച്ച് അവൻ തന്റെ പിതാവായ ദാവീദിന്റെ മാർഗ്ഗത്തിൽ ഉറച്ചു നിന്നു.

6. ആരെക്കുറിച്ചുള്ള സ്മരണയാണ് സുഗന്ധക്കൂട്ടുപോലെ പരിമള പൂരിതമായിട്ടുള്ളത് ?

7. തന്റെ നഗരം മതിലുകെട്ടി ഉറപ്പിക്കുകയും അവിടേക്കു ജലം കൊണ്ടുവരികയും ചെയ്തതാര്?

8. അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ തിരഞ്ഞെടുക്കപ്പെട്ട പ്രവാചകനെന്ന പരാമർശം ആരെക്കുറിച്ചാണ് ?

9. കെരൂബുകളുടെ രഥത്തിനു മുകളിൽ ദൈവം വെളിപ്പെടുത്തിയ മഹത്വം ദർശിച്ചതാര് ?

10. അവൻ നമുക്കുവേണ്ടി വീണുപോയ കോട്ടകൾ പടുത്തുയർത്തി ആര് ?

11. അവൻ ഭൂമിയിൽ നിന്നു സംവഹിക്കപ്പെട്ടു. അവനു തുല്യനായി ആരും ഭൂമുഖത്തുണ്ടായിട്ടില്ല അവൻ ആര് ?

12. പ്രധാന പുരോഹിതൻ ശിമയോന്റെ പിതാവ് ആര്?

13. രണ്ടു ജനതകൾ നിമിത്തം ഞാൻ ക്ലേശിക്കുന്നു. ജനതകൾ ഏതെല്ലാം ?

14. അത്യുന്നതൻ തങ്ങളെ സ്മരിക്കുന്നതിനുവേണ്ടി അവർ ഉച്ചഘോഷം മുഴക്കി അവർ ആര് ?

15. കായ്ചു നിൽക്കുന്ന ഒലിവുപോലെ, മേഘം ഉരുമ്മുന്ന ദേവദാരുപോലെ അവൻ പ്രശോഭിച്ചു. ആര് ?
16. ആദിമ ക്രൈസ്തവർ അറിയപ്പെട്ടിരുന്നത് എങ്ങനെ ?
17. യേശു എങ്ങോട്ട് പോകാൻ തുനിഞ്ഞപ്പോഴാണ് മറ്റു ശിഷ്യന്മാർ തടഞ്ഞത് ?
18. പ്രിയപ്പെട്ടവരും ആധ്യാത്മീക സ്നേഹവും എന്ന ലേഖനത്തിൽ പ്രതിപാദിക്കുന്ന രണ്ടു വിശുദ്ധർ ആരൊക്കെ ?
19. മർത്താ ആരുടെ സഹോദരിയോ ഭാര്യയോ ആയിരുന്നു എന്നാണ് എഴുത്തുകാരുടെ അഭിപ്രായം.
20. മർത്തായെയും, മറിയത്തേയും സഹോദരൻ ലാസറിനേയും ഏതു കടലിലേക്കാണ് ഒഴുക്കി വിട്ടത് ?

## ബൈബിൾ ക്വിസ് - 9 ശരിയുത്തരങ്ങൾ

1. ഹെനോക്ക്
2. മോശ
3. നോഹയെ
4. അബ്രാഹം
5. വിശ്വസ്തതയും സൗമ്യതയും
6. അഹറോന്
7. ജോഷ്വാ
8. കാലെബിന്
9. സാമുവൽ
10. നാഥാൻ
11. ഗോലിയാത്തിനെ
12. ദാവീദിന്
13. തകരം, ഈയം
14. കാരുണ്യം
15. റഹോബോവാം
16. അമ്പത് (50)
17. നെപ്വാ
18. മാർ ജോൺ മേനാച്ചേരി
19. ഫ്രാൻസിസ് മാർപാപ്പ 2019 ഒക്ടോബർ 13-ാം തീയതി
20. 1982, ജൂൺ 19

## ബൈബിൾ ക്വിസ് - 9

### ആകെ പങ്കെടുത്തവർ 17 ശരിയുത്തരമെഴുതിയവർ 17

1. മേരിതോമസ് നടാംകുഴിയിൽ
2. ജോൺസൺ വി.എം. വെണ്ടർമ്യാലിൽ
3. സുജ ജോൺസൺ വെണ്ടർമ്യാലിൽ
4. ലിസമ്മ ഐപ്പ് കല്ലിങ്കൽ
5. എൽസി ടോമി മാറാമറ്റത്തിൽ
6. എലിസബത്ത് ജോൺ മഞ്ചേരിൽ
7. വത്സ സിറിയക് സ്രായിൽ
8. സലോമി ജോൺ കുരിശിങ്കൽ
9. ലിൻസി ബിജു ചുണ്ടങ്ങായിൽ
10. തങ്കച്ചൻ ചേരിയിൽ
11. മേരി ജോർജ്ജ് മണ്ണൂർ
12. ബിനി ബെന്നി ആടുകുഴിയിൽ
13. സ്വപന സിബി കാട്ടുകുടിയിൽ
14. ജിജി രാജേഷ് പൊന്നുംപുരയിടം
15. ജോർജ്ജ് കുര്യൻ മെതിപ്പാറയിൽ
16. വൽസ ജോർജ്ജ് മെതിപ്പാറയിൽ
17. എമിലിൻ സിബി മെതിപ്പാറയിൽ

## ബൈബിൾ ക്വിസ് 9 സമ്മാനാർഹർ

1. സലോമി ജോൺ കുരിശിങ്കൽ
2. തങ്കച്ചൻ ചേരിയിൽ

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

### വാർഡ് 1 നിർമ്മല മാതാ

- ജെയിംസ് കാക്കനാട്ട്
- ജോമി കുരിശുംമൂട്ടിൽ
- ഷിജി പുത്തൻകുടിയിൽ
- ജിനോ നടുത്തോട്ടത്തിൽ
- റിജേഷ് സ്രായിൽ
- സജി കാപ്പിൽ
- യോഹാൻ സിറിയക് ജോസ് സ്രായിൽ

### വാർഡ് 2 സെന്റ് ജോസഫ്

- സജി നടുത്തോട്ടത്തിൽ
- പൈലി നടുത്തോട്ടത്തിൽ

### വാർഡ് 3 സെന്റ് മേരീസ്

- ജോവാൻ ജിയോ വറങ്ങലക്കുടിയിൽ
- റോസ്മി ചെറായിൽ
- എബി ചെറായിൽ
- മറിയാമ്മ കൊറ്റാഞ്ചേരിൽ
- ജിൻസി വറങ്ങലക്കുടിയിൽ
- റ്റെജി വടക്കേൽ
- രാജു മണ്ണത്തുകാരൻ
- ഷാരോൺ വറങ്ങലക്കുടിയിൽ
- ജീന ചെറുപറമ്പിൽ

### വാർഡ് 4 ഹോളി ഫാമിലി

- സജീവ് ഞൂഴുമുറിയിൽ
- ബേബി തെക്കേക്കുന്നേൽ
- മോളി തലയ്ക്കൽ
- ആൻലി ജോർജ് കോണിക്കൽ
- മാത്യു തോമസ് ചേർക്കോട്ട്
- ജെറാർദ് ജോയ്സ് മുണ്ടയ്ക്കൽ
- ബിജി സിമ്മി ചെട്ടിശ്ശേരിൽ
- എറിക് മാർട്ടിൻ നടാംകുഴി
- അമാൻഡ നെൽസൺ പഴയമ്പിള്ളിൽ

### വാർഡ് 5 സെന്റ് ജോർജ്ജ്

- മനു പൂനാട്ട്
- ഡോൺ പൂനാട്ട്
- സാജു മാറാച്ചേരിൽ
- മാത്യു മാറാച്ചേരിൽ
- ഓമന നടാംകുഴിയിൽ
- രാജേഷ് തിരുതാളിൽ
- മഞ്ജു നെല്ലിപ്പിള്ളിൽ
- അനീഷ് മെതിപ്പാറയിൽ
- മിലൻ തെക്കുംപുറത്ത്
- സോഫിയ മെതിപ്പാറയിൽ

## വാർഡ് 6 സെന്റ് ഫ്രാൻസീസ്

- ബിജു കാരിയ്ക്കാപ്പറമ്പിൽ
- ആഷർ പുളിമൂട്ടിൽ
- കൊച്ചുത്രേസ്യ കാരിയ്ക്കാപ്പറമ്പിൽ
- സന്തോഷ് കൊച്ചുവീട്ടിൽ
- വർഗീസ് കാട്ടുകുടിയിൽ
- ഷീബ മെതിപ്പാറയിൽ
- ഷാന്റി മാറാച്ചേരിൽ
- ധന്യ പാലക്കാട്ടുപുത്തൻപുരയിൽ
- സ്റ്റെഫി പരുവംമൂട്ടിൽ
- എൽസി പുത്തൻപുരയ്ക്കൽ
- ആൻലി പുത്തൻപുരയ്ക്കൽ
- റോജി തോട്ടത്തിൽ
- ജെയ്സൺ തണ്ടുംപുറത്ത്
- സിമി തണ്ടുംപുറത്ത്

## വാർഡ് 7 സെന്റ് പീറ്റർ

- പിയ തെക്കേക്കുന്നേൽ
- നിതിൻ താഴത്തുവീട്ടിൽ
- ഫ്രെഡി അമ്മച്ചിപ്പറമ്പിൽ
- സെലിൻ റോസ് മൂത്തേടൻ
- ജോർജ്ജി കൊറ്റാഞ്ചേരിൽ
- ജിനു കൊറ്റാഞ്ചേരിൽ
- ജോസഫ് തെങ്ങനാക്കുന്നേൽ

## വാർഡ് 8 സെന്റ് അഗസ്റ്റിൻ

- ജീന വാഴയിൽ
- ജോഷി വറങ്ങലക്കുടിയിൽ
- ലിന്റോ നെല്ലിപ്പിള്ളിൽ
- ബെന്നി മുണ്ടങ്ങാട്ടിൽ
- ബൈജു മുണ്ടങ്ങാട്ടിൽ
- ആഷൽ വാടകയിൽ
- ഫിയ കാളാംപറമ്പിൽ
- ലിസ വലിയതാഴത്ത്
- ഷൈനി കരിമുണ്ടയ്ക്കൽ
- ഗീതാഞ്ജലി കുഴിപ്പള്ളിൽ

## വാർഡ് 9 ഫാത്തിമ മാതാ

- ജോസഫ് പരവര
- സാനിയ അരയത്തിനാൽ
- രഞ്ജിത് കൂറ്റപ്പിള്ളിൽ
- ബെർളി കൂറ്റപ്പിള്ളിൽ
- ആലീസ് കാവുംപുറത്ത്
- ജോബിൻ കണംപിള്ളിൽ
- മഞ്ജു ജോളി തോട്ടുങ്കൽ
- ആന്റണി കൊല്ലായിക്കുടിയിൽ

## വാർഡ് 10 ക്രിസ്തുരാജ്

- ജോർജ്ജ് കാവാട്ട്
- ലിജോ കൈനിയ്ക്കൽ
- മേരി ഇരമംഗലത്ത്
- സിൽവിയ പാലാക്കാരൻ

# വിവാഹ വാർഷികം

**വാർഡ് 1**
**നിർമ്മല മാതാ**

- സിബി & ഷിജി പുത്തൻകുടിയിൽ

---

**വാർഡ് 2**
**സെന്റ് ജോസഫ്**

- ജോസഫ് & റ്റിനി കണ്ടനാട്ട്

---

**വാർഡ് 3**
**സെന്റ് മേരീസ്**

- മാത്യൂസ് & ലില്ലി മണ്ണത്തുക്കാരൻ

---

**വാർഡ് 4**
**ഹോളി ഫാമിലി**

*Nil*

---

**വാർഡ് 5**
**സെന്റ് ജോർജ്ജ്**

- ജിൻസ് & ജീവ നടാംകുഴിയിൽ
- സുമേഷ് & ബിജി തിരുതാളിൽ
- ജോർജ്ജ് & ഫ്ളോറൻസ് തെക്കുംപുറത്ത്

---

**വാർഡ് 6**
**സെന്റ് ഫ്രാൻസിസ്**

- ജോഷി & റോജി തോട്ടത്തിൽ
- ജെയ്സൺ & ഷീന തണ്ടുംപുറത്ത്

---

**വാർഡ് 7**
**സെന്റ് പീറ്റർ**

- സെബാസ്റ്റ്യൻ & സുനിത പുതുശ്ശേരി

---

**വാർഡ് 8**
**സെന്റ് അഗസ്റ്റിൻ**

- ബൈജു & ജിൻസി മുണ്ടങ്ങാട്ടിൽ

---

**വാർഡ് 9**
**ഫാത്തിമ മാതാ**

- ജോസഫ് & സിജി വെളിയനാൽ
- ജോയി & ആനി തൊട്ടിയിൽ

---

**വാർഡ് 10**
**ക്രിസ്തുരാജ്**

*Nil*

# ദേവാലയ വായനകൾ

## 2025 ജൂലൈ

## ശ്ലീഹാക്കാലം

3 വ്യാ **മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ**
ഉത്പ 2:8-17
സുഭാ 4:10-18
എഫേ 2:19-22
യോഹ 20:24-29

4 വെ **ആദ്യവെള്ളി**
ഗലാ 2:15-18
മർക്കോ 5:21-24, 35-43

5 ശ 2 കോറി 2:12-17
മർക്കോ 1:40-45

6 ഞാ നിയ 1:33-46
ഏശ 1:21-31
1 കോറി 14:1-12
ലൂക്കാ 12:22-34

7 തി 2 കോറി 1:8-11
യോഹ 16:25-33

8 ചൊ കൊളോ 2:20—23
മത്താ 11:1-6

9 ബു റോമാ 5:12-21
മർക്കോ 12:1-12

10 വ്യാ 2 പത്രോ 1:3-9
യോഹ 6:60-63

11 വെ 1 പത്രോ 3:14-18
മത്താ 13:24-30, 36-43
**നർസിയായിലെ വി.ബനഡിക്ട്**
ഉത്പ 17:1-8
ജ്ഞാനം 9:1-12
റോമാ 8:12-17
മത്താ 5:1-12

12 ശ റോമാ 7:7-13
മർക്കോ 12:38-44

13 ഞാ നിയ 4:1-8
ഏശ 2:1-5
1 കോറി 10:23-31
ലൂക്കാ 12:57-13:5

14 തി റോമാ 11:30-35
മത്താ 12:33-37

15 ചൊ 2 കോറി 5:1-7
മർക്കോ 4:21-25
**വിശുദ്ധ കുര്യാക്കോസ്, വിശുദ്ധ ജൂലിറ്റാ**
ദാനി 3:25-45
ഹെബ്രാ 11:3-10
മത്താ 10:16-33

16 ബു 2 കോറി 1:12-15
ലൂക്കാ 15:8-10
**കർമ്മലമാതാവ്**
1 രാജാ 18:41-46
ഏശ 35:1-4
2 കോറി 1:3-7
ലൂക്കാ 11:24-28

17 വ്യാ റോമാ 11:1-10
മർക്കോ 10:46-52

18 വെ റോമാ 13:1-6
മത്താ 22:15-22

19 ശ 2 കോറി 11:1-6
യോഹ 7:14-24

20 ഞാ നിയ 4:10-14
ഏശ 5:8-20
1 കോറി 16:1-14
ലൂക്കാ 13:22-30

21 തി 2 കോറി 2:5-11
മത്താ 12:38-42
22 ചൊ റോമാ 13:7-10
മർക്കോ1:29-34
**വിശുദ്ധ മഗ്ദലന മറിയം**
റോമാ 8:35-39
യോഹ 20:1-18
23 ബു 1 കോറി 7:17-24
ലൂക്കാ 16:9-17
24 വ്യാ 2 കോറി 4:1-6
മത്താ 23:13-22
25 വെ **കർത്താവിന്റെ എഴുപത് ശിഷ്യന്മാർ**
ഏശ 41:17-20
ശ്ലീഹ 13:16-23
റോമാ 8:28-39
മത്താ 10:37-42
**വിശുദ്ധ യാക്കോബ് ശ്ലീഹാ**
പുറ 24:12-18
ശ്ലീഹ 11:27-12:3
1 കോറി 4:6-15
മത്താ 20:20-28
26 ശ 1 കോറി 7:8-16
മത്താ 19:1-12
**വി.യോവാക്കീം വി.അന്ന**
1 സാമു 2:1-10
ഏശ 54:1-8
ഹെബ്രാ 11:8-12
മത്താ 1:1-16
27 ഞാ **കൈത്താക്കാലം**
**പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ**
1 രാജാ 18:30-39
ശ്ലീഹ 5:12-20
1 കോറി 1:9-16
ലൂക്കാ 14:7-14
28 തി 1 കോറി 11:17-22
മത്താ 21:28-32
**വിശുദ്ധ അൽഫോൻസാ**
നിയ 28:8-12
ഏശ 53:10-12
ഗലാ 2:19-21
യോഹ 12:20-26
29 ചൊ 1 കോറി 14:20-25
ലൂക്കാ 19:11-27
**വിശുദ്ധ മർത്താ**
1 യോഹ 4:7-16
യോഹ11:17-26
30 ബു 1 തിമോ 6:11-16
യോഹ 10:22-28
31 വ്യാ 1 കോറി 14:13-19
യോഹ 8:48-59
**വിശുദ്ധ ഇഗ്നേഷ്യസ് ലയോള**
1 കോറി 10:31-11:1
ലൂക്കാ 14:25-33

**2025 ആഗസ്റ്റ്**

1 വെ ആദ്യവെള്ളി
**നിസിബിസിലെ വിശുദ്ധ യാക്കോബ്**
ഏശ 41:8-16
ശ്ലീഹ 19:11-20
2 കോറി 10:3-11
ലൂക്കാ 12:4-12
**വിശുദ്ധ അൽഫോൻസ് ലിഗോരി**
റോമാ 8:1-11
മർക്കോ 12:28-33
2 ശ 2 കോറി 6:14-18
മർക്കോ 2:1-12
3 ഞാ നിയ 4:32-40
ഏശ 4:2-6
2 കോറി 3:4-12
ലൂക്കാ 15:11-32

# വാർഡ് പ്രാർത്ഥന ഭവനങ്ങൾ

## വചനഭാഗം. വി. യോഹന്നാൻ 14:1–14

| വാർഡ് | ഭവനം | തീയതി | ദിവസം | സമയം |
|---|---|---|---|---|
| 1 | സോജൻ നടുത്തോട്ടത്തിൽ | 05.07.2025 | ഒന്നാം ശനി | 6.30 pm |
| 2 | എൻ. ജോയി വടക്കേക്കര | 06.07.2025 | ഒന്നാം ഞായർ | 6.30 pm |
| 3 | ജോസ് പിട്ടാപ്പിള്ളിൽ | 13.07.2025 | രണ്ടാം ഞായർ | 6.00 pm |
| 4 | തോമസ് നടാംകുഴിയിൽ | 13.07.2025 | രണ്ടാം ഞായർ | 6.45 pm |
| 5 | സാബു പൂണേലിൽ | 20.07.2025 | മൂന്നാം ഞായർ | 6.30 pm |
| 6 | ബിജു കാരിക്കപ്പറമ്പിൽ | 12.07.2025 | രണ്ടാം ശനി | 6.30 pm |
| 7 | ഫിലോമിന ജയിംസ് താഴത്തുവീട്ടിൽ | 19.07.2025 | മൂന്നാം ശനി | 6.30 pm |
| 8 | മനോജ് കൊന്നക്കൽ | 27.07.2025 | നാലാം ഞായർ | 6.00 pm |
| 9 | അന്നം കുമ്പളംചോട്ടിൽ | 27.07.2025 | നാലാം ഞായർ | 6.45 pm |
| 10 | മോനി കോയിക്കൽ | 26.07.2025 | നാലാം ശനി | 6.30 pm |

# വിശുദ്ധ ഗ്രന്ഥവായനകൾ

| തീയതി | സമയം | പഴയനിയമം | ലേഖനം |
|---|---|---|---|
| 03.07.2025 | 6.00 am | ജോൺസൺ വെണ്ടർമ്വാലിൽ | ജയിംസ് വടക്കേൽ |
| ദുക്റാന | 8.00 am | ഷെഫി നടുത്തോട്ടത്തിൽ | തങ്കച്ചൻ ചേരിയിൽ |
| 06.07.2025 | 5.30 am | ജോസ് പനോക്കാരൻ | ജോസഫ് പീച്ചാട്ട് |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | ജയിംസ് വടക്കേൽ |
| 13.07.2025 | 5.30 am | ജോസ് വെണ്ടർമ്വാലിൽ | ജോൺസൺ വെണ്ടർമ്വാലിൽ |
| | 7.00 am | റോസ്മി ചെറായിൽ | ജോസ് തലയ്ക്കൽ |
| 20.07.2025 | 5.30 am | ജോർജ്ജ് തെക്കുംപുറം | മാത്യു ഊട്ടുകുളം |
| | 7.00 am | ഷെഫി നടുത്തോട്ടത്തിൽ | ജോർജ്ജ് നടുക്കുടിയിൽ |
| 27.07.2025 | 5.30 am | ജോസ് പനോക്കാരൻ | ജോൺസൺ വെണ്ടർമ്വാലിൽ |
| | 7.00 am | ജിംസി ഊട്ടുകുളം | ജോസ് തലയ്ക്കൽ |
| 03.08.2025 | 5.30 am | ജോസ് വെണ്ടർമ്വാലിൽ | ജയിംസ് വടക്കേൽ |
| | 7.00 am | റോസ്മി ചെറായിൽ | തങ്കച്ചൻ ചേരിയിൽ |

## സ്നേഹ സ്മരണയ്ക്ക്

**30.7.2025**

**21-ാം ചരമവാർഷികം**



**ഇ.ജെ. പൈലി**

**ഇരമംഗലത്ത്**

## സ്നേഹ സ്മരണയ്ക്ക്

**19.7.2025**

**2-ാം ചരമവാർഷികം**



**ഏലമ്മ ദേവസ്യ**

**പുത്തൻകുടിയിൽ**

## സ്നേഹ സ്മരണയ്ക്ക് 13.07.2025

**16-ാം ചരമവാർഷികം**



## റോസക്കുട്ടി മത്തായി
## മലമ്പുറത്ത്

## സ്നേഹ സ്മരണയ്ക്ക് 19.7.2024

**7-ാം ചരമവാർഷികം**



## സുനിൽ മാത്യു

പൂനാട്ട്



ചെറുപുഷ്പ മിഷൻ ലീഗ് നിർമ്മല മാത യൂണിറ്റ് പ്രവർത്തന വർഷ ഉത്ഘാടനം
രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു രാമനാട്ട് നിർവ്വഹിക്കുന്നു.



ചെറുപുഷ്പ മിഷൻ ലീഗ് നിർമ്മല മാത യൂണിറ്റ് ഭാരവാഹികൾ
രൂപതാ ഡയറക്ടർക്കും വികാരിയച്ചിനും ആനിമേറ്റർ സിസ്റ്ററിനും ഒപ്പം